പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 260** **04.06.2018-ൽ മറുപടിക്ക്**

<u>വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് നടപടി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഒ.രാജഗോപാൽ | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പനി വ്യാപകമായി പടരുന്ന സാഹചര്യത്തിൽ ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവർത്തിച്ച വരുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി കേരള യൂണിറ്റിന് പുറമെ തിരുവനന്തപുരത്ത് ലൈഫ് സയൻസ് പാർക്കിൽ അത്യന്താധുനിക സൗകര്യങ്ങളോടെ ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് . |
| (ബി) | വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാർ 2015-ൽ ധനസഹായം അനുവദിച്ചിരുന്നോ; എങ്കിൽ എത്ര തുകയാണ് അനുവദിച്ചതെന്ന് അറിയിക്കുമോ; | (ബി) | 2015-ൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിക്ക് കേന്ദ്ര സർക്കാർ 20 കോടി 10 ലക്ഷം രൂപ അനുവദിച്ചിരുന്നു. |
| (സി) | പ്രസ്തുത ധനസഹായം ഏത് രീതിയിലാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കുമോ; | (സി) & (ഡി) | പ്രസ്തുത ധനസഹായം സി.പി.ഡബ്ല്യൂ വകുപ്പ് വഴി കെട്ടിട നിർമ്മാണത്തിനായി ചെലവഴിച്ചുവരുന്നു. |
| (ഡി) | ഈ തുക നാളിതുവരെയായിട്ടും വിനിയോഗിക്കാൻ സാധിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**